## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **02-08-2021 - ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന മലയോര ഹൈവേയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. മലയോര ഹൈവേ - കൊല്ലങ്കോട് വടക്കാഞ്ചേരി റോഡ്. 2. മലയോര ഹൈവേ കൂട്ടുപാത – കൊല്ലങ്കോട് റോഡ്. പ്രസ്തുത പ്രോജക്ടുകൾക്കായി 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 10.07.2017 ലെ ജി.ഒ (ആർ.ടി)നം.942/2017/ പി.ഡബ്ല്യൂഡി പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് 12.02.2021 ലെ ജി.ഒ(ആർ.ടി)നം.188/2021/ പി.ഡബ്ല്യൂഡി പ്രകാരം പുതുക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ അനുമതിക്കായി 11.04.2018 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 12 മീറ്റർ വീതിയിൽ ഫ്രീസറണ്ടറായി ഭൂമി വിട്ടുകിട്ടും എന്നുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കണമെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ഫ്രീസറണ്ടറായി ഭൂമി വിട്ടു കിട്ടുമെന്ന രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന മലയോര ഹൈവേയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. മലയോര ഹൈവേ - കൊല്ലങ്കോട് വടക്കാഞ്ചേരി റോഡ്. 2. മലയോര ഹൈവേ കൂട്ടുപാത – കൊല്ലങ്കോട് റോഡ്. പ്രസ്തുത പ്രോജക്ടുകൾക്കായി 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 10.07.2017 ലെ ജി.ഒ (ആർ.ടി)നം.942/2017/ പി.ഡബ്ല്യൂഡി പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് 12.02.2021 ലെ ജി.ഒ(ആർ.ടി)നം.188/2021/ പി.ഡബ്ല്യൂഡി പ്രകാരം പുതുക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ അനുമതിക്കായി 11.04.2018 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 12 മീറ്റർ വീതിയിൽ ഫ്രീസറണ്ടറായി ഭൂമി വിട്ടുകിട്ടും എന്നുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കണമെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫ്രീസറണ്ടറായി ഭൂമി വിട്ടു കിട്ടുമെന്ന രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ